2023
DECEMBER
29
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## സർക്കാർ മേഖലയിൽ ജറിയാട്രിക്സ് വിഭാഗം;
## ആദ്യം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ



**തിരുവനന്തപുരം:** സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതിനായി പ്രൊഫസർ, അസോ. പ്രൊഫസർ, അസി. പ്രൊഫസർ എന്നിവരുടെ ഓരോ തസ്തിക വീതവും രണ്ട് സീനിയർ റെസിഡന്റ് തസ്തികകളും സൃഷ്ടിച്ചു. ഏറ്റവും ഉയർന്ന ആയുർദൈർഘ്യമുള്ള സംസ്ഥാനമാണ് കേരളം. മികച്ച ജീവിതനിലവാരവും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങളും സാമൂഹ്യ സുരക്ഷയുമെല്ലാം ആയുർദൈർഘ്യം കൂടുന്നതിന് കാരണമാണ്. വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പ്രത്യേക പരിചരണവും ചികിത്സയും ആവശ്യമാണ്. ആർദ്രം മിഷന്റെ ഭാഗമായി വയോജന സംരക്ഷണത്തിനും പാലിയേറ്റീവ് കെയറിനും സംസ്ഥാനം വലിയ പ്രാധാന്യമാണ് നൽകുന്നത്. ഇതിന്റെ ഭാഗമായി ആശുപത്രികളിൽ ജറിയാട്രിക്സ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പമാണ് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിക്കുന്നത്. ഭാവിയിൽ എം.ഡി. ജറിയാട്രിക്സ് കോഴ്സ് ആരംഭിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ വിദഗ്ധരെ സൃഷ്ടിക്കുന്നതിനും കൂടുതൽ ആശുപത്രികളിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിക്കുന്നതിനും ഇത് സഹായിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.നിലവിൽ മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് രോഗികളെ മെഡിസിൻ വിഭാഗമാണ് ചികിത്സിക്കുന്നത്. മെഡിക്കൽ കോളേജ് മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിലാണ് ജറിയാട്രിക്സ് ചികിത്സ ലഭ്യമാകുന്നത്. നിലവിൽ തീവ്ര പരിചരണം സാധ്യമായ രണ്ട് വാർഡുകൾ, ഒപി വിഭാഗം, ഫിസിയോതെറാപ്പി, ക്ലാസ് റൂം എന്നിവയുണ്ട്. മന്ത്രിയുടെ നേതൃത്വത്തിൽ യോഗങ്ങൾ ചേർന്നാണ് ജറിയാട്രിക്സ് വിഭാഗത്തിന് അന്തിമ രൂപം നൽകിയത്. ജറിയാട്രിക്സ് വിഭാഗം യാഥാർത്ഥ്യമാകുന്നതോടെ വയോജന ആരോഗ്യ സംരക്ഷണ രംഗത്ത് വലിയ മാറ്റമാണ് ഉണ്ടാകാൻ പോകുന്നത്.

## തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള സേവനങ്ങൾ ഓൺലൈനിൽ
# പുതുവർഷത്തിൽ കെ സ്മാർട്ട്

**തിരുവനന്തപുരം:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന കെസ്മാർട്ട് (കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻഫർമേഷൻ) ജനുവരി ഒന്നു മുതൽ നിലവിൽ വരുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. കെസ്മാർട്ട് സോഫ്റ്റ്വെയർ ആപ്ലിക്കേഷന്റെ ഉദ്ഘാടനം ജനുവരി ഒന്നിന് എറണാകുളം ഗോകുലം കൺവെൻഷൻ സെന്ററിൽ രാവിലെ 10.30ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കെസ്മാർട്ട് മൊബൈൽ ആപ്പ് വ്യവസായ മന്ത്രി പി. രാജീവ് പുറത്തിറക്കും. കെസ്മാർട്ട് നിലവിൽ വരുന്നതോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകും. മുൻസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമാണ് ആദ്യഘട്ടത്തിൽ കെസ്മാർട്ട് വിന്യസിക്കുന്നത്. ഏപ്രിൽ ഒന്നിന് ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. ഇതോടെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള സേവനങ്ങൾ സമയബന്ധിതമായി ഓഫീസുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാവുമെന്നും മന്ത്രി പറഞ്ഞു.കെ സ്മാർട്ട് ആപ്ലിക്കേഷനിലൂടെ സേവനങ്ങൾക്കായുള്ള അപേക്ഷകളും പരാതികളും ഓൺലൈനായി സമർപ്പിക്കാനും അവയുടെ സ്റ്റാറ്റസ് ഓൺലൈനായി തന്നെ അറിയാനും സാധിക്കും. അതിനായി അപേക്ഷകളുടെയും പരാതികളുടെയും കൈപ്പറ്റ് രസീത് പരാതിക്കാരന്റെ അപേക്ഷകന്റെ ലോഗിനിലും വാട്സ്ആപ്പിലും ഇമെയിലിലും ലഭ്യമാകുന്ന ഇന്റഗ്രേറ്റഡ് മെസേജിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇഗവേണൻസിൽ കേരളത്തിന്റെ മുന്നേറ്റത്തിന് പുത്തൻ വേഗം പകരുന്ന സംവിധാനമാകും കെസ്മാർട്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച് അവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിൽ കെ.സ്മാർട്ടിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാകും.സ്വന്തംലോഗിൻ ഉപയോഗിച്ച് അതാത് മൊഡ്യൂളുകളിലെത്തി ആവശ്യമായ വിവരങ്ങൾ നൽകി സേവനം ലഭ്യമാക്കാം.സിവിൽ രജിസ്ട്രേഷൻ (ജനനമരണവിവാഹ രജിസ്ട്രേഷൻ), ബിസിനസ് ഫെസിലിറ്റേഷൻ (വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസുകൾ), വസ്തു നികുതി, ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ, പൊതുജന പരിഹാരം തുടങ്ങി എട്ട് സേവനങ്ങളായിരിക്കും ആദ്യഘട്ടത്തിൽ കെസ്മാർട്ടിലൂടെ ലഭ്യമാവുക. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പ്രവാസികൾക്ക് നേരിട്ടെത്താതെ തന്നെ അതാത് തദ്ദേശ സ്ഥാപനങ്ങളിലെ സേവനങ്ങൾ ലഭ്യമാവും.

# തമിഴ് നടൻ വിജയകാന്ത് അന്തരിച്ചു

**ചെന്നൈ:** തമിഴ് ചലച്ചിത്രതാരവും ഡിഎംഡികെ സ്ഥാപക നേതാവുമായ വിജയകാന്ത് (71) അന്തരിച്ചു. കൊവിഡ് ബാധിതനായി ചെന്നൈ പോരൂരിലെ ആശുപത്രിയിൽ ചികിൽസയിലിരിക്കെയായിരുന്നു അന്ത്യം. മൃതദേഹം ഇന്നു രാവിലെ 6 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ ഐലൻഡ് ഗ്രൗണ്ടിൽ പൊതുദർശനത്തിനു ശേഷം. വൈകുന്നേരം നാലരയോടെ കോയമ്പേടുള്ള പാർട്ടി ആസ്ഥാനത്ത് ഔദ്യോഗിക ബഹുമതികളോടെ സംസ്കാരിക്കും. 1952 ഓഗസ്റ്റ് 25 ന് മധുരയിലാണ് വിജയകാന്തിന്റെ ജനനം. വിജയരാജ് അളഗർസ്വാമി എന്നാണ് ഔദ്യോഗിക നാമം. ഇനിക്കും ഇളമൈ എന്ന സിനിമയിലൂടെ ആണ് വിജയകാന്ത് വെള്ളിത്തിരയിൽ എത്തുന്നത്. വില്ലനായി വേഷമിട്ട അദ്ദേഹം സട്ടം ഒരു ഇരുട്ടറൈ എന്ന സിനിമയിലൂടെ നായകനായി. ഒടുവിൽ ക്യാപ്റ്റൻ എന്ന പേരിലും വിജയകാന്ത് സിനിമാ ലോകത്ത് അറിയപ്പട്ടു. ഹിന്ദിയിലും മലയാളത്തിലുമടക്കം വിജയകാന്ത് നായകനായ സിനിമകൾ റീമേക്ക് ചെയ്യപ്പെട്ടിരുന്നു. ഹോണസ്റ്റ് രാജ്, തമിഴ് സെൽവൻ, വല്ലരശ്, ത്യാഗം, പേരരശ്, വിശ്വനാഥൻ രാമമൂർത്തി, സിമ്മസനം, രാജ്യം, ദേവൻ, രാമണ, തെന്നവൻ, സുദേശി,ധർമപുരി, ശബരി, അരശങ്കം, എങ്കൾ അണ്ണ തുടങ്ങി നിരവധി സിനിമകളിൽ അദ്ദേഹം ശ്രദ്ധേയ വേഷങ്ങൾ ചെയ്തു. 1984 കാലഘട്ടത്തിൽ രജനീകാന്തും കമൽ ഹാസനും കഴിഞ്ഞാൽ തമിഴിലെ ഏറ്റവും വലിയ താരമായി വിജയകാന്ത് മാറി. നൂറാം ചിത്രം 'ക്യാപ്റ്റൻ പ്രഭാകരന്റെ' (1991) വിജയത്തോടെ 'ക്യാപ്റ്റൻ' എന്ന വിശേഷണം കൂടി വിജയകാന്തിനു ലഭിച്ചു. ദരിദ്രർക്കായി ആശുപത്രി അടക്കമുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമായതോടെവിജയകാന്ത് തമിഴ്സിനിമാലോകത്ത് ആരാധകരുടെ ഇഷ്ടതാരമായി മാറി. 2005 ൽ ഡിഎംഡികെ എന്ന പാർട്ടി രൂപീകരിച്ച് വിജയകാന്ത് രാഷ്ട്രീയ പ്രവേശനം നടത്തി. പിറ്റേവർഷത്തെ നിയമസഭാ തിരഞ്ഞെടുപ്പിൽ 8% വോട്ട് നേടി. 2011 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ അണ്ണാ ഡിഎംകെയ്ക്കൊപ്പം സഖ്യത്തിൽ മത്സരിച്ച ഡിഎംഡികെയ്ക്ക് 29 സീറ്റ് ലഭിച്ചു. അണ്ണാ ഡിഎംകെയ്ക്ക് ഒറ്റയ്ക്കു ഭൂരിപക്ഷം ലഭിച്ചതോടെ ജയലളിത മുഖ്യമന്ത്രിയായി എന്നാൽ സർക്കാരിൽ ചേരാതിരുന്ന വിജയകാന്ത് പ്രതിപക്ഷ നേതാവുമായി. പിന്നീട് പാർട്ടിയ്ക്ക് തളർച്ചയുടെ കാലമായി മാറി.വിജയകാന്തിന്റെ അനാരോഗ്യം മൂലം ഭാര്യ പ്രേമലത കഴിഞ്ഞ 14നു പാർട്ടി ജനറൽ സെക്രട്ടറിയായി സ്ഥാനമേറ്റു. അവസാന പൊതുപരിപാടിയിൽ വിജയകാന്ത് വീൽചെയറിലായിരുന്നു എത്തിയത്.2010 ൽ പുറത്തിറങ്ങിയ വിരുദഗിരി ആണ് നായകനായി അഭിനയിച്ച അവസാന ചിത്രം. .മക്കൾ: നടൻ ഷൺമുഖ പാണ്ഡ്യൻ, വിജയ പ്രഭാകരൻ.





## ദേശീയ സരസ് മേള :

# ഭക്ഷണ പ്രേമികളുടെ മനം കവർന്ന് രാജസ്ഥാനി വെജ് കൗണ്ടർ



**കൊച്ചി:** കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം ഗ്രൗണ്ടിൽ നടന്നുവരുന്ന ദേശീയ സരസ് മേളയിൽ മികച്ച പ്രതികരണവുമായി മുന്നേറുകയാണ് രാജസ്ഥാനി വെജ് കൗണ്ടർ. വിവിധതരം ചാട്ടുകൾ, ചെന മസാല, പാവ് ബാജി, തുടങ്ങിയ തനതായ ഉത്തരേന്ത്യൻ വിഭവങ്ങളാണ് പ്രധാനമായും ഈ കൗണ്ടറിൽ ഉള്ളത്.രാജസ്ഥാനിൽ നിന്നുള്ള പത്തു പേരടങ്ങുന്ന സംഘമാണ് ഫുഡ് കൗണ്ടർ നടത്തുന്നത്. ബട്ടർ പാവ് ബാജി, ആലു പനീർ ടിക്കി, പാപ്പടി ചാട്ട്, മിക്സ് ചാട്ട്, വട പാവ്, സ്പെഷ്യൽ പ്യാസ് കച്ചോരി, സ്പെഷ്യൽ മുഗൾ കച്ചോരി, പനീർ ചോലെ ബട്ടൂര, സ്പെഷ്യൽ സ്വീറ്റായ റബ്ടി ഗേവർ എന്നിങ്ങനെ പോകുന്നു വിഭവങ്ങളുടെ നിര. 50 രൂപ മുതൽ വിഭവങ്ങൾ ലഭ്യമാണ്. ഇന്ത്യയിൽ ഉടനീളം നടക്കുന്ന വിവിധ മേളകളിൽ ഇവർ സ്ഥിരമായി പങ്കെടുത്തു വരുന്നു. കേരളത്തിൽ ഇതുവരെ നടന്ന എല്ലാ സരസ്മേളകളിലും സ്വാദിഷ്ടമായ വിഭവങ്ങളുമായി ഇവർ ഉണ്ടായിരുന്നു. കൊച്ചിയിൽ മികച്ച പ്രതികരണമാണ് ജനങ്ങളിൽ നിന്ന് ലഭിക്കുന്നതെന്നും കേരളത്തിലെ മേളകളിൽ പങ്കെടുക്കാൻ ഏറെ താല്പര്യമാണെന്നും സംഘത്തിലെ അംഗമായ ജയ്പൂർ സ്വദേശി പിങ്കു ജാട്ട് പറഞ്ഞു.ഉത്തരേന്ത്യൻ വിഭവങ്ങൾ ആദ്യമായി പരീക്ഷിക്കാൻ എത്തിയവരും സ്ഥിരമായി ഇത്തരം രുചികൾ തേടുന്ന ഭക്ഷണപ്രിയരും കൗണ്ടറിൽ എപ്പോഴും ഉണ്ട്. രാജസ്ഥാന് പുറമെ സിക്കീം, അരുണാചൽ പ്രദേശ്, മഹാരാഷ്ട്ര തുടങ്ങി 11 സംസ്ഥാനങ്ങളിൽ നിന്നുള്ള വിഭവങ്ങൾ മേളയിൽ ലഭ്യമാണ്.

# അഞ്ച് വർഷം തികച്ച് നെസ്ലെ ഇന്ത്യയുടെ ഹിൽദാരി പദ്ധതി

**കൊച്ചി:** അഞ്ച് വർഷം തികച്ച് നെസ്ലെയുടെ അഭിമാന പദ്ധതിയായ ഹിൽദാരി പ്രോജക്ട്. കേരളത്തിലെ മൂന്നാർ ഉൾപ്പെടെയുള്ള ഇന്ത്യയിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിന് ഉത്തമമാതൃക സൃഷ്ടിക്കാൻ ഹിൽദാരി പദ്ധതിയ്ക്ക് കഴിഞ്ഞു. പോണ്ട, മുസോറി, മഹാബലേശ്വർ, ഡൽഹൗസി ഡാർജീലിംഗ്, പാലംപൂർ എന്നിവയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ള മറ്റു സ്ഥലങ്ങൾ. പ്ലാൻ ഫൗണ്ടേഷൻ, സ്ത്രീ മുക്തി സംഘടന, റിസിറ്റി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുമായി ചേർന്നാണ് ഹിൽദാരി പ്രോജക്ട് ആരംഭിച്ചത്. കൂട്ടായ പ്രവർത്തനത്തിലൂടെ സുസ്ഥിര മാലിന്യ സംസ്കരണ മാതൃകകൾ പരിപോഷിപ്പിക്കുകയെന്നത് ലക്ഷ്യമിട്ട് അഞ്ച് വർഷം മുമ്പാണ് പ്രോജക്ട് ഹിൽദാരിയെന്ന സുപ്രധാന പദ്ധതി ഞങ്ങൾ ആരംഭിച്ചത്. 7 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നാൾക്കുനാൾ സ്വീകാര്യതയേറിവരുന്ന ഈ സ്വപ്നപദ്ധതി യാഥാർത്ഥ്യമാക്കുവാൻ കൂടെ നിന്ന എല്ലാവരെയും അഭിനന്ദിക്കുന്നു,എന്ന് നെസ്ലെ ഇന്ത്യയുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ സുരേഷ് നാരായണൻ പറഞ്ഞു. മാലിന്യ സംസ്കരണ തൊഴിലാളി വിഭാഗത്തിന്റെ പ്രൊഫഷണലൈസേഷൻ പോലുള്ള പ്രവർത്തനങ്ങളും ഞങ്ങളുടെ ടീം നടത്തി. പദ്ധതി പങ്കാളികൾക്കിടയിൽ അവബോധമുണ്ടാക്കാനും ഈ സംരംഭത്തിന് കഴിഞ്ഞു. നഗരങ്ങളിലെ അന്തരീക്ഷം കൂടുതൽ മെച്ചപ്പെട്ടതാക്കാനും ഇതിലൂടെ സാധിക്കും,എന്ന് സ്ത്രീ മുക്തി സംഘടനയുടെ പ്രസിഡന്റ് ജ്യോതി മ്ഹാപ്സേക്കർ പറഞ്ഞു.പ്ലാസ്റ്റിക്കിന്റെ സർക്കുലർ ഇക്കോണമി സൃഷ്ടിക്കുന്നതിനായുള്ള റിസിറ്റി നെറ്റ് വർക്ക് ഇന്ത്യയുടെ ലക്ഷ്യത്തെ സഹായിക്കുന്ന പ്രോജക്ടുകൾക്ക് ഉദാഹരണമാണ് ഹിൽദാരി പദ്ധതി. പ്രോജക്ട് ഹിൽദാരിയിൽ കൈവരിച്ച പുരോഗതിയിൽ ഞങ്ങൾ സന്തുഷ്ടരാണ്. ലക്ഷ്യം നേടുന്നതുവരെ ഈ പദ്ധതിയുമായി മുന്നോട്ട് പോകും എന്ന് റിസിറ്റി നെറ്റ് വർക്ക് ഇന്ത്യയുടെ സഹസ്ഥാപകയും സിഇഒ, സിഎഫ്ഒയുമായ മെഹ ലാഹിരി പറഞ്ഞു.അതേസമയം ഇന്ത്യയിലുടനീളം ഹിൽദാരി പ്രോജക്ടിന് കീഴിൽ 28,000 മെട്രിക് ടൺ മാലിന്യമാണ് ഉറവിടത്തിൽ നിന്നും വേർതിരിച്ചത്. 80 ശതമാനം മാലിന്യം വേർതിരിച്ചത് ഇരുപതിനായിരത്തിലധികം റെസിഡൻഷ്യൽവാണിജ്യ മാലിന്യ ശേഖരണ കേന്ദ്രങ്ങളിൽ നിന്നാണ്.



പ്രധാനമന്ത്രിയുടെ വസതിയിൽ സംഘടിപ്പിച്ച ക്രിസ്തുമസ് വിരുന്നിൽ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഉപഹാരം നൽകുന്നു. സെഡാർ തയ്യാറാക്കിയ ക്രിസ്തുമസ് കേക്കിനൊപ്പം ഇസാഫ് സംഘങ്ങളിലെ വനിതകൾ തയ്യാറാക്കിയ കരകൗശല വസ്തുക്കൾ, അതിരപ്പള്ളിയിലെ ആദിവാസി ഊരിൽനിന്നും ശേഖരിച്ച കാപ്പിപ്പൊടി, ഭക്ഷ്യവസ്തുക്കൾ മറ്റു പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ എന്നിവയാണ് പ്രധാനമന്ത്രിക്ക് സമ്മാനിച്ചത്.

# പ്രതിധ്വനി ക്വിസ ചലച്ചിത്രോത്സവം 2023; രജിസ്ട്രേഷൻ ജനുവരി ഏഴ് വരെ

**തിരുവനന്തപുരം:** കേരളത്തിലെ ഐ.ടി ജീവനക്കാരുടെ ചലച്ചിത്രോത്സവമായ പ്രതിധ്വനി ക്വിസ ചലച്ചിത്രോത്സവം പി.ക്യു.എഫ്.എഫ് 23 ലേക്കുള്ള രജിസ്ട്രേഷൻ ജനുവരി ഏഴ് വരെ. ഐ.ടി ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനി സംഘടിപ്പിക്കുന്ന തുടർച്ചയായ പന്ത്രണ്ടാം ചലച്ചിത്രോത്സവത്തിൽ കേരളത്തിലെ പ്രധാന ഐ.ടി കേന്ദ്രങ്ങളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലെ ജീവനക്കാർക്കൊപ്പം ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ ഐ.ടി ജീവനക്കാർക്കും ചലച്ചിത്രോത്സവത്തിൽ പങ്കെടുക്കാം. തിരഞ്ഞെടുക്കപ്പെടുന്ന ചലച്ചിത്രങ്ങൾ തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രദർശിപ്പിക്കും.ഐ.ടി ജീവനക്കാർ സംവിധാനം ചെയ്ത 400 ൽ പരം ഹ്രസ്വ ചിത്രങ്ങൾ മുൻ വർഷങ്ങളിലായി ക്വിസ ഫിലിം ഫെസ്റ്റിവലിൽ മാറ്റുരയ്ക്കപ്പെട്ടിട്ടുണ്ട്. ഏറ്റവും മികച്ച ഹ്രസ്വ ചിത്രത്തിനും രണ്ടാമത്തെ മികച്ച ചിത്രം, മികച്ച സംവിധായകൻ, മികച്ച തിരക്കഥാകൃത്ത് എന്നിവയ്ക്കും ക്യാഷ് പ്രൈസ് നൽകും. കൂടാതെ മികച്ച നടൻ, നടി, ഛായാഗ്രാഹകൻ, എഡിറ്റർ എന്നിവർക്കും പ്രത്യേക പുരസ്കാരങ്ങളുണ്ടാവും.

രജിസ്ട്രേഷന്: http://prathidhwani.org/Qisa2023. കൂടുതൽ വിവരങ്ങൾക്ക്: ഗാർലിൻ വിൻസെന്റ്, ഫെസ്റ്റിവൽ ഡയറക്ടർ (7559072582), രോഹിത്ത്, കൺവീനർ ടെക്നോപാർക്ക് (8943802456), അനസ് ബിൻ അസീസ്, കൺവീനർ ഇൻഫോപാർക്ക് (8848424404), പ്യാരേലാൽ എം, കൺവീനർ സൈബർപാർക്ക് (8547872972).

# മാതൃശിശു വിജ്ഞാന കേന്ദ്രം പ്രവർത്തനസജ്ജമായി



**കൊച്ചി:** സ്ത്രീകൾക്കും കുട്ടികൾക്കുമായി പണികഴിപ്പിച്ച മാതൃശിശു വിജ്ഞാന കേന്ദ്രം കരുമാല്ലൂരിൽ പ്രവർത്തനസജ്ജമായി. വനിതകൾക്കും കുട്ടികൾക്കുമായി ബോധവൽക്കരണ ക്ലാസുകളും മറ്റ് ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി പ്രകാരമാണ് മാതൃശിശു വിജ്ഞാന കേന്ദ്രം യാഥാർത്ഥ്യമായത്.പഞ്ചായത്തിലെ ഒൻപതാം വാർഡിൽ സ്പോൺസർഷിപ്പിൽ ലഭിച്ച സ്ഥലത്ത് നിർമ്മിച്ച മാതൃശിശു വിജ്ഞാന കേന്ദ്രത്തെ വനിതകൾക്ക് വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനുള്ള സെന്ററായും ഉപയോഗപ്പെടുത്താം.എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 12 ലക്ഷം രൂപയും ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 1214380 രൂപയും ചിലവഴിച്ചാണ് മാതൃശിശു വിജ്ഞാന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത്. ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസാണ് കഴിഞ്ഞദിവസം കേന്ദ്രം നാടിന് സമർപ്പിച്ചത്.

# ഉദ്യാനത്തിലെ കുഞ്ഞൻ വിസ്മയം



ഹരിതം

രണ്ടായിരം വർഷങ്ങൾക്കു മുമ്പു ചൈനയിൽ ഉത്ഭവിച്ച്, ജപ്പാനിലെത്തി വികാസം പ്രാപിച്ച കലാരൂപമാണ് ബോൺസായി. ചെറിയ പാത്രങ്ങളിൽ മരങ്ങളെ കുള്ളന്മാരാക്കി വളർത്തുന്ന രീതിയാണിത്. നിരന്തരമായ പരിചരണവും ആവശ്യത്തിനുള്ള വെള്ളവും വളവും നൽകിയാണ് ബോൺസായി മരങ്ങളെ വളർത്തുന്നത്.

കൂടുതൽ കാലം ആയുസുണ്ട് എന്നു മാത്രമല്ല, സാധാരണ മരങ്ങളെ പോലെ പൂക്കുകയും കായ്ക്കുകയും ചെയ്യുമെന്ന പ്രത്യേകതയും ഇത്തരത്തിൽ വളർത്തിയെടുക്കുന്ന കുള്ളൻ മരങ്ങൾക്കുണ്ട്. ലക്ഷണമൊത്ത ബോൺസായി ഉണ്ടാക്കാൻ വർഷങ്ങളുടെ പ്രയത്നമാവശ്യമാണ്. അതുകൊണ്ടുതന്നെ കാലമേറുംതോറും ബോൺസായിയുടെ വില ഏറുകയും ചെയ്യും.

**നിർമാണ രീതി**

ശരിയായ ചെടിയും പാത്രവും തെരഞ്ഞെടുക്കുകയാണ് ആദ്യം ചെയ്യേണ്ടത്. പാത്രത്തിന് അധികം ആഴം പാടില്ല. അതിൻറെ ഉൾവശം പരുപരുക്കൻ ആയിരിക്കണം. വൃത്തം, ചതുരം, ഓവൽ, ത്രികോണം എന്നിങ്ങനെ ഏത് ആകൃതിയിലും വലുപ്പത്തിലും നിറത്തിലുള്ള പാത്രങ്ങൾ ഉപയോഗിക്കാം.

ചെറിയ ഇലകളോടുകൂടി ദീർഘകാലം നിലനിൽക്കുന്നതും പൂക്കളും കായ്കളും ഉണ്ടാകുന്നതുമായ ചെടികളാണ് അനുയോജ്യം. പൈൻ, അത്തി, ബോട്ടിൽ ബ്രഷ്, വാക, പേരാൽ, അരയാൽ, കാറ്റാടി, സിൽവർ ഓക് എന്നീ വൃക്ഷങ്ങൾ ബോൺസായിക്ക് വേണ്ട സവിശേഷതകൾ ഉള്ളവയാണ്.

വിത്തുകളിൽ നിന്നു മുളപ്പിച്ച തൈകളും, വിള്ളലുകളിൽ മുരടിച്ചു വളരുന്ന ചെടികളും ഒക്കെ പ്രയോജനപ്പെടുത്താം. മുരടിച്ച ചെടികൾ നേരിട്ടും മറ്റുള്ളവ സാധാരണ വളർച്ചയെത്തിയ ശേഷവും ബോൺസായി പത്രത്തിലേക്കു മാറ്റണം.



വളർച്ചയെത്തിയ ചെടികൾ മണ്ണോടു കൂടി ഇളക്കിയെടുത്ത ശേഷം മണ്ണ് കുറച്ചു നീക്കം ചെയ്തു പ്രധാന വേരും നാരുവേരുകളും അല്പം മുറിച്ചു മാറ്റണം. പിന്നീട് നടീൽ മിശ്രിതം നിറച്ച പാത്രത്തിൽ ഇതു നടണം. പാത്രത്തിൽ നീർവാർച്ചയ്ക്ക് വേണ്ടിയുള്ള ദ്വാരം ഓടിട്ടടയ്ക്കാനും ശ്രദ്ധിക്കണം.

മണലും വളക്കൂറുള്ള മണ്ണും ചാണകപ്പൊടിയും മിക്സ് ചെയ്താണ് നടീൽ മിശ്രിതം തയ്യാറാക്കേണ്ടത്. കുറച്ചു ദിവസം തണലുള്ള സ്ഥലത്ത് ചെടി മറ്റി വയ്ക്കണം.

**പരിചരണം**

പ്രൂണിംഗ്, ട്രെയിനിംഗ്, വയറിംഗ് എന്നിവ ബോൺസായി പരിചരണത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്. ആവശ്യമില്ലാത്ത ശാഖകളും വേരുകളും മുറിച്ചു നീക്കുന്നതിനെ പ്രൂണിംഗ് എന്നും ശാഖകളെ നമ്മുടെ ഇഷ്ടാനുസരണം മാറ്റുന്നതിനെ ട്രെയിനിംഗ് എന്നും വിളിക്കുന്നു.

ചെമ്പ് കമ്പി ഉപയോഗിച്ച് ശാഖകളെ വളക്കുന്നതാണ് വയറിംഗ്. ശാഖകൾ ഒടിഞ്ഞു പോകാതെ അവയെ രൂപം മാറ്റം വരുത്താനാണ് ഈ പ്രക്രിയ. കന്പികൾ കെട്ടുന്പോൾ അധികം മുറുകിയോ തീരെ മുറുക്കാതിരിക്കുകയോ ചെയ്യരുത്. ഓരോ വർഷവും കന്പികൾ മാറ്റേണ്ടത് അത്യാവശ്യമാണ്. വേഗത്തിൽ വളരുന്ന ചെടികൾക്ക് ഇത് ആറുമാസമായി ചുരുക്കണം.



അടുത്തതായി വേരുകൾ നീക്കം ചെയ്യണം. ചെറിയ ചെടികളിൽ നിന്ന് ഒന്നോ രണ്ടോ വർഷം കൂടുന്പോഴും വലിപ്പമെത്തിയ ചെടികളിൽ അഞ്ച് മുതൽ പത്ത് വർഷം കൂടുമ്പോഴുമാണു വേര് നീക്കം ചെയ്യേണ്ടത്.

ഓരോ പ്രാവശ്യവും പ്രധാന വേരിൻറെ മൂന്നിൽ രണ്ടുഭാഗം നീക്കം ചെയ്തു നാരുവേരുകളുടെ വളർച്ച മെച്ചപ്പെടുത്തണം. വേര് നീക്കം ചെയ്തശേഷം പുതിയ നടീൽ മിശ്രിതം ഉപയോഗിക്കാവുന്നതാണ്. വേര് നീക്കം ചെയ്ത ചെടികളെ കുറച്ചു ദിവസം തണലത്ത് വയ്ക്കണം.

വൃക്ഷത്തിൻറെ വളർച്ചയ്ക്ക് അനുസരിച്ച് അവയുടെ പാത്രം മാറ്റി കൊടുക്കുകയും വേണം. 5 വർഷം കൂടുന്പോൾ അതിൻറെ വലിപ്പത്തിനു യോജിച്ച പാത്രത്തിലേക്കു ചെടി മാറ്റി നടണം. മാറ്റി നടുന്പോൾ വേപ്പിൻ പിണ്ണാക്കോ, എല്ലുപൊടിയോ ഇടുന്നതു നല്ലതാണ്.

ആഴം കുറഞ്ഞ പാത്രമായതിനാൽ വെള്ളം വറ്റിപ്പോകാനുള്ള സാധ്യത ഏറെയാണ്. അതിനാൽ ചെടിക്ക് ആവശ്യമായ വെള്ളം എപ്പോഴും നൽകണം. രോഗങ്ങളും കീടങ്ങളും ബാധിച്ച ശാഖകൾ ബോൺസായിയുടെ ആകർഷണീയത കുറയ്ക്കുന്നതിനാൽ അവയെ നിയന്ത്രിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**പല വിഭാഗങ്ങൾ**

വലിപ്പം കൊണ്ടും ആകൃതി കൊണ്ടും ബോൺസായി പല വിഭാഗങ്ങളിൽ പെടുന്നു. ഏറ്റവും സൗകര്യപ്രദമായി വളർത്താൻ സാധിക്കുന്നത് ഇടത്തരം ബോൺസായിയാണ്. ഇവയ്ക്ക് ഏകദേശം 30 തൊട്ട് 60 സെൻറിമീറ്റർ വരെ പൊക്കം വരും.

60 സെൻറിമീറ്ററിനു മുകളിൽ പൊക്കമുള്ളത് വലിയതും 15 സെൻറീമീറ്ററിൽ താഴെയുള്ളവ ചെറുതുമായി തരംതിരിച്ചിരിക്കുന്നു. ചെറിയവയെ മിനിയേച്ചർ ബോൺസായി എന്നും അറിയപ്പെടുന്നു.

വളർച്ചാരീതി അനുസരിച്ചു ബോൺസായിയെ നാലായി തിരിച്ചിട്ടുണ്ട്. നേർ (ലംബ) രീതി അഥവാ ഫോമൽ അപ്രൈറ്റ്, സ്ലാൻഡിംഗ് അഥവാ വിൻഡ് സ്വെപ്റ്റ്, സെമി കാസ്കേഡ്, കാസ്കേഡ് എന്നിവയാണ് ഈ നാല് വിഭാഗങ്ങൾ.

# വിറ്റാമിൻ സി + എച്ച്എ3 ഡെയ്‌ലി സെറവുമായി ആംവേ ഇന്ത്യ




**കൊച്ചി:** ആംവേ ഇന്ത്യ ആർട്ടിസ്ട്രി സ്കിൻ ന്യൂട്രീഷൻ വിറ്റാമിൻ സി+ എച്ച്എ3 ഡെയ്‌ലി സെറം പുറത്തിറക്കി. വിറ്റാമിൻ സി കൂടുതൽ ലഭ്യമാക്കി ചർമ്മത്തിന്റെ ആരോഗ്യവും യുവത്വവും വർധിപ്പിക്കാൻ ലക്ഷ്യമിടുന്നതാണ് പുതിയ ഉൽപന്നമെന്ന് സിഎംഒ അജയ് ഖന്ന പറഞ്ഞു. ആന്റിഓക്സിഡന്റുകളും ട്രൈആക്ഷൻ ഹൈലൂറോണിക് ആസിഡും അടങ്ങിയിട്ടുണ്ടെന്നതും സവിശേഷതയാണ്. പാരിസ്ഥിതിക കാരണങ്ങളാൽ ചർമ്മത്തിനുണ്ടാകുന്ന പ്രത്യാഘാതങ്ങൾ പ്രതിരോധിക്കാൻ ഉൽപന്നം സഹായകമാകും. ആംവേയുടെ പ്രീമിയം ചർമ്മസംരക്ഷണോൽപ്പന്ന ശ്രേണിയെ കൂടുതൽ പ്രബലമാക്കുന്നതാണ് ആർട്ടിസ്ട്രി സ്കിൻ ന്യൂട്രീഷൻ വിറ്റാമിൻ സി + എച്ച്എ3 ഡെയ്‌ലി സെറമെന്നും അജയ് ഖന്ന പറഞ്ഞു. സ്കിൻ സയൻസിലെ വിപുലമായ വൈദഗ്ധ്യം അടിസ്ഥാനപ്പെടുത്തിയാണ് പുതിയ ഉൽപ്പന്നം വികസിപ്പിച്ചെടുത്തത്.

# സംസ്ഥാന ബൈബിൾ കലോത്സവം ഇന്നും നാളെയും തേവര എസ്.എച്ചിൽ

**കൊച്ചി:** കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി നടത്തപ്പെടുന്ന സംസ്ഥാന ബൈബിൾ കലോത്സവത്തിന് ഇക്കുറി തേവര എസ് എച്ച് കോളേജ്, എസ് എച്ച് ഹയർ സെക്കന്ററി സ്കൂൾ, എസ് എച്ച് പബ്ലിക് സ്കൂൾ, എസ് എച്ച് ഹൈസ്കൂൾ എന്നിവ വേദിയാകും. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. ജെയിംസ് ആനാപ്പറമ്പിൽ ബൈബിൾ കലോത്സവം ഉദ്ഘാടനം ചെയ്യും. രാവിലെ 8ന് നടക്കുന്ന ബൈബിൾ സന്ദേശ റാലിക്കുശേഷം ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ ജോജു കോക്കാട്ട് പതാക ഉയർത്തും. തുടർന്ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ പി.ഒ.സി ഡയറക്ടർ ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി അധ്യക്ഷത വഹിക്കും. കേരള കത്തോലിക്കാ സഭയിലെ വിവിധ റീത്തുകളിൽ ഉൾപ്പെടുന്ന 19 രൂപതകളിൽ നിന്നായി 1000ത്തിൽ പരം മത്സരാർത്ഥികൾ രണ്ടു ദിവസങ്ങളിലായി നടത്തപ്പെടുന്ന കലാമത്സരങ്ങളിൽ മാറ്റുരയ്ക്കും. 11 കലാ ഇനങ്ങളിൽ ജൂനിയർ സീനിയർ വിഭാഗങ്ങളിലായി എട്ടു വേദികളിൽ കലാമത്സരങ്ങൾ നടത്തപ്പെടുന്നു.ഡിസംബർ 30 വൈകിട്ട് 4 മണിയോടെ ബൈബിൾ കലോത്സവത്തിന് സമാപനമാകും. സമാപനസമ്മേളനത്തിൽ സീറോ മലബാർ സഭാ അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ മുഖ്യാതിഥി ആയിരിക്കും. ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയ രൂപതകൾക്കുള്ള ഓവറോൾ ചാമ്പ്യൻഷിപ്പും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും മറ്റു സമ്മാനങ്ങളും നല്കപ്പെടും.രണ്ടു ദിവസം നീണ്ടുനിൽക്കുന്ന ബൈബിൾ കലോത്സവത്തിൽ സംഗീതം, നൃത്തം, പ്രഭാഷണം, അഭിനയം തുടങ്ങിയ കലകളിൽ ആണ് മുഖ്യമായും മത്സരം നടത്തപ്പെടുന്നത്. കൂടാതെ ബൈബിൾ വിജ്ഞാനത്തിൽ കൂടുതൽ അവഗാഹമുള്ള മത്സരാർത്ഥികൾക്കായി ആധുനിക സാങ്കേതിക രീതിയിലുള്ള ക്വിസ് മത്സരം നടത്തപ്പെടും. ഇടവക, ഫൊറോന, രൂപത എന്നീ തലങ്ങളിൽ വിജയിച്ച മത്സരാർത്ഥികളാണ് സംസ്ഥാനതല മത്സരത്തിനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇവിടെ എത്തുന്നത്. പങ്കെടുക്കാനെത്തുന്നവർക്ക് പാലാരിവട്ടം പി.ഒ.സി.യിലും കലൂർ റിന്യൂവൽ സെന്ററിലും താമസസൗകര്യം ഒരുക്കിയിട്ടുണ്ട്.

# കേരള സ്കൂൾ കലോത്സവം: വർണ്ണലോകം തീർത്ത് വിദ്യാർത്ഥികൾ

**കൊല്ലം :** ജനുവരി നാല് മുതൽ എട്ട് വരെ നടക്കുന്ന 62 മത് കേരള സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി ചിത്രരചന മത്സരം സംഘടിപ്പിച്ചു. മുൻ കലാതിലകം ഡോ.ദ്രൗപതി പ്രവീൺ ചിത്രകാരിയായ ശ്രുതിക്ക് ബ്രഷ് കൈമാറിക്കൊണ്ട് ചിത്രരചന മത്സരം ഉദ്ഘാടനം ചെയ്തു. കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രസ് ക്ലബ് സെക്രട്ടറി സനൽ ഡി പ്രേം, കലോത്സവ പബ്ലിസിറ്റി കമ്മിറ്റി കൺവീനർ പ്രിൻസ് എം, ജോയിന്റ് കൺവീനർമാരായ കെ ഗോപകുമാർ, ആർ സജീവ്, വിമലഹൃദയ സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ഫ്രാൻസിനി മേരി എന്നിവർ പങ്കെടുത്തു.കേരള മീഡിയ അക്കാദമി, കൊല്ലം പ്രസ് ക്ലബ്ബ്, സംസ്ഥാന സ്കൂൾ കലോത്സവ പബ്ലിസിറ്റി കമ്മിറ്റി എന്നിവർ സംയുക്തമായാണ് മത്സരം സംഘടിപ്പിച്ചത്. എച്ച്എസ്എസ് വിഭാഗത്തിന് സമാധാന ലോകവും എച്ച് എസ് വിഭാഗത്തിന് ആഘോഷം എന്നിങ്ങനെയായിരുന്നു മത്സര വിഷയങ്ങൾ. നൂറിൽപരം കുട്ടികളാണ് മത്സരത്തിൽ പങ്കെടുത്തത്.

# കൊച്ചിയുടെ രാത്രികാലങ്ങൾ പ്രകാശ പൂരിതമാക്കാൻ എൽ.ഇ.ഡി ലൈറ്റുകൾ

**കൊച്ചി:** കൊച്ചിയുടെ രാത്രികാലങ്ങൾ പ്രകാശ പൂരിതമാക്കാൻ എൽ.ഇ.ഡി ലൈറ്റുകൾ വരുന്നു.കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിൻറെ നേതൃത്വത്തിൽ 40400 എൽ.ഇ.ഡി ലൈറ്റുകൾ ആണ് നഗരത്തിൻെറ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കുന്നത്. 2000 സ്മാർട്ട് എനർജി മീറ്റർ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കും. ഈ ലൈറ്റുകൾ എല്ലാം തന്നെ ഐ സി ഫോറുമായി ബന്ധപ്പെടുത്തി ഗ്രൂപ്പ് കൺട്രോൾ സംവിധാനത്തിലൂടെ നഗരത്തിലെ വിളക്കുകളെ നിയന്ത്രിക്കാനും, വൈദ്യുതി ഉപയോഗം വിശകലനം ചെയ്യാനും വിളക്കുകൾക്കു കേടുപാടുകൾ സംഭവിച്ചാൽ അത് ഐ സി ഫോറിലൂടെ മനസ്സിലാക്കി ഉടനടി പരിഹാരം ചെയ്യാൻ സാധിക്കും. 2000 ഓളം പാനലുകളിലൂടെ 40400 വൈദ്യുതി വിളക്കുകളെയും കൺട്രോൾ ചെയ്യാൻ സാധിക്കും. വൈദ്യുതി മന്ത്രാലയം നിർദ്ദേശിക്കുന്ന ഏറ്റവും ആധുനികമായ ഊർജ്ജ കാര്യക്ഷമതയുള്ള 150 ലുമെൻസ് പെർ വാട്ട് സ്പെസിഫിക്കേഷൻ ഉള്ള വിളക്കുകളാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ പ്രാരംഭ നടപടികൾ 2023 നവംബർ 15ന് ആരംഭിച്ചിരുന്നു. കരാർ പ്രകാരം 7 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണം. അതായത് ജൂൺ 2024 ഓടുകൂടി പദ്ധതി പൂർത്തീകരിക്കാൻ വേ നടപടികൾ കൈക്കൊള്ളാൻ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടു. കൊച്ചി കോർപ്പറേഷൻ പരിധിയിലെ എല്ലാ റോഡുകളിലും പുതിയ ലൈറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നു. ഇതിൽ 2263 പ്രാദേശിക റോഡുകളും 102 പ്രധാന റോഡുകളും 223 ചെറിയ റോഡുകളും 3 സംസ്ഥാന ഹൈവേയും 3 ദേശീയ ഹൈവേയും ഉൾപ്പെടുന്നു. 773 കിലോമീറ്റർ റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടു പ്രകാശപൂരിതമാകുന്നത്. കഴിഞ്ഞ വർഷങ്ങളിലെ വൈദ്യുതി ബില്ലിൻറെ ഒരു മാസത്തെ ശരാശരി തുക കണക്കാക്കിയാൽ ഏകദേശം ഒരു കോടിയാണ്. എന്നാൽ പുതിയ പദ്ധതി വരുന്നതോടെ ഇത് 29 ലക്ഷം രൂപയായി കുറയും. അത് കൂടാതെ പരിപാലന ഇനത്തിൽ കോർപ്പറേഷന് വരുന്ന ചെലവിൽ ആദ്യ അഞ്ചു വർഷത്തിൽ 2.5 കോടി രൂപ വീതം ലാഭിക്കാൻ സാധിക്കും. അതുകൂടി കണക്കാക്കിയാൽ 11.5 കോടി രൂപയാണ് കോർപ്പറേഷന് ഒരു വർഷത്തിൽ ഉണ്ടാകുന്ന ലാഭം. ഈ പദ്ധതി വരുന്നതോടെ വൈദ്യുതി ബില്ലിനത്തിൽ തന്നെ പദ്ധതിയുടെ നഗരത്തെ കൈപിടിച്ചുയർത്താൻ ഉതകുന്ന പദ്ധതികൾ കൊച്ചിക്കാർക്ക് ഒരു മുതൽക്കൂട്ടായിരിക്കും. ഓരോ റോഡിൻറെയും സ്വഭാവവും ഘടനയും അനുസരിച്ചാണ് വൈദ്യുതി വിളക്കുകൾ തെരഞ്ഞെടുത്തിരിക്കുന്നത്. 20 വാട്ട്സ്, 36 വാട്ട്സ്, 50 വാട്ട്സ്, 70 വാട്ട്സ്, 110 വാട്ട്സ്, 220 വാട്ട്സ് എന്നീ വാട്ടേജുകളിലുള്ള വൈദുതി വിളക്കുകളാണ് സ്ഥാപിക്കുന്നത്. എല്ലാ റോഡുകളിലും കൃത്യമായ വിളക്കുകൾ സ്ഥാപിക്കുന്നതോടെ അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കും.കൊച്ചിക്കാരുടെ രാത്രി സഞ്ചാരത്തെയും രാത്രി ജീവിതത്തിനും പുത്തൻ ഉണർവ്വ് നൽകാനും ഭയരഹിതമായി നഗരവീഥിയിലൂടെ സഞ്ചരിക്കാനും കഴിയുമെന്ന ഒരു പ്രത്യാശയിലാണ് സി.എസ്.എം.എൽ. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിൻറെ മറ്റൊരു പദ്ധതിയുടെ ഭാഗമായി ഇതിനോടകം നഗരത്തിൽ 3000 ലൈറ്റുകൾ സ്ഥാപിച്ചിട്ടു. സി.എസ്.എം.എൽ നടപ്പിലാക്കിയ റോഡുകളിലെ വൈദ്യുതി ഉപയോഗത്തിൻറെയും സാമ്പത്തിക ലാഭത്തിൻറെയും ഒരു മാസത്തെ കണക്കുകൾ ഇങ്ങനെയാണ് .സി.എസ്.എം.എൽ പദ്ധതി നിർവഹണം തുടങ്ങുന്നതിനു മുൻപ് എബ്രഹാം മടമാക്കൽ റോഡ്, ബാനർജി റോഡ്, ഷൺമുഖം റോഡ്, പാർക്ക് അവന്യൂ റോഡ്, ദർബാർ ഹാൾ ഗ്രൗണ്ട് റോഡ് തുടങ്ങിയവയിൽ ഉള്ള വൈദ്യുതി ഉപഭോഗം 27324 സംവ, അതിനു ചെലവാകുന്ന തുക 1,48,764 രൂപ എന്നാൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചതിനുശേഷം 14785 സംവ വൈദ്യുതി ഉപഭോഗവും 73781 രൂപയുമാണ് ചെലവും വരുന്നത്. വൈദ്യുതി ഉപഭോഗത്തിൽ 41 % കുറവ് വന്നിട്ടു.കോർപറേഷൻ പരിധിയിലെ 8 വാർഡുകളിലെ ആക്സസ് റോഡുകളിൽ നടപ്പിലാക്കിയ എൽ.ഇ. ഡി പദ്ധതിയിൽ 95895 സംവ വൈദ്യുതി ഉപഭോഗമാണ് മുൻപുായിരുന്നത് 5 ലക്ഷം രൂപയാണ് ഒരുമാസത്തെ ബിൽ തുക. എന്നാൽ പദ്ധതി നിർവഹണം കഴിഞ്ഞതോടെ വൈദ്യുതി ഉപയോഗത്തിൽ കുറവ് വന്നിട്ടു. പുതിയ സംവിധാനത്തിൽ വരുന്ന ഒരു മാസത്തെ ബിൽ തുക 3,26,260 രൂപയാണ്. ഇത്തരത്തിൽ ഒരു ചെറിയ പ്രദേശത്തു വലിയൊരു മാറ്റം കൊ് വരാൻ ഇത്തരത്തിലുള്ള പദ്ധതികൾ വരുന്നതോടെ സാധിക്കുമെന്നും മേയർ വ്യക്തമാക്കി.

# ക്ലയന്റ് റഫറൽ പദ്ധതിയുമായി അക്യൂമെൻ ക്യാപിറ്റൽ മാർക്കറ്റ്




**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ബ്രോക്കറേജ് സ്ഥാപനമായ അക്യൂമെൻ ക്യാപിറ്റൽ മാർക്കറ്റ് ഇന്ത്യ ലിമിറ്റഡ് ക്ലയന്റ് റഫറൽ പദ്ധതി അവതരിപ്പിച്ചു. ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് അവർ റഫറൽ ചെയ്യുന്ന ക്ലയന്റ്സ് നൽകുന്ന കമ്മീഷന്റെ 25 ശതമാനം അടുത്ത ദിവസം അവരുടെ ബാങ്ക് അക്കൗണ്ടിൽ റഫറൽ കമ്മീഷനായി ക്രഡിറ്റ് ആകുമെന്ന് അക്യൂമെൻ മെന്റർ ടി.എസ് അനന്തരാമൻ അറിയിച്ചു.ഏത് മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ദിവസവും അധികവരുമാനം ലഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ പദ്ധതി ആരംഭിച്ചിരിക്കുന്നത്. നിലവിലെ അക്യൂമെൻ ഉപഭോക്താക്കൾക്കും പുതിയ ഉപഭോക്താക്കൾക്കും ക്യു ആർ കോഡ് നൽകും. ഈ കോഡ് ആർക്കും അയച്ചു കൊടുക്കാം. ഇങ്ങനെ റഫർ ചെയ്യുന്ന ഉപഭോക്താവ് നൽകുന്ന കമ്മീഷൻ തുകയുടെ 25 ശതമാനം പരിധിയില്ലാതെ റഫർ ചെയ്യുന്ന ആളിന്റെ അക്കൗണ്ടിലേക്ക് തൊട്ടടുത്ത ദിവസം തന്നെ എത്തും. ജീവിതാവസാനം വരെ ഈ തുക ലഭിച്ചു കൊണ്ടിരിക്കും എന്നതാണ് പദ്ധതിയുടെ പ്രധാന സവിശേഷത. കമ്മീഷൻ ലഭിക്കാൻ മാസാവസാനം വരെ കാത്തിരിക്കേണ്ടി വരില്ല. കമ്മീഷൻ തുകയ്ക്ക് പരിധിയും ഉണ്ടാവില്ല.സെബിയുടെ 37 സെലക്ടഡ് ബ്രോക്കേഴ്സിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനമാണ് അക്യൂമെൻ. കേരളത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന അക്യൂമെൻ അടുത്ത വർഷം ഇന്ത്യയിലും വിദേശത്തുമായി 30 പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുമെന്നും ടി.എസ് അനന്തരാമൻ അറിയിച്ചു. വിപുലീകരണത്തിന്റെ ഭാഗമായി നിലവിലുള്ള വൈവിധ്യങ്ങളായ ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും പുറമെ ഇൻഷുറൻസ് സേവനങ്ങളും ആരംഭിച്ചതായി അക്യൂമെൻ ഡയറക്ടർ അഖിലേഷ് അഗർവാൾ പറഞ്ഞു. 30 വർഷത്തെ സേവന പാരമ്പര്യമുള്ള അക്യൂമെനിന്റെ റിസർച്ച് ഡിവിഷനിൽ നിന്ന് സൗജന്യ പോർട്ട് ഫോളിയോ റീഷഫ്ളിംഗ്, സ്റ്റോക്ക് മാർക്കറ്റിൽ എങ്ങനെ നിക്ഷേപിക്കണം, എങ്ങനെ ട്രേഡ് ചെയ്യണം എന്ന് വനിതകൾക്ക് പരിശീലനം തുടങ്ങിയ സേവനങ്ങൾ ആരംഭിച്ചതായി മാനേജിംഗ് ഡയറക്ടർ അക്ഷയ് അഗർവാൾ പറഞ്ഞു. മിഡിൽ ഈസ്റ്റ് വിപണി വിപുലീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.ഇക്വിറ്റി, കമ്മോഡിറ്റി, കറൻസി, ആൽഗോ, റെഡിമേഡ് പോർട്ട്ഫോളിയോ, ബോണ്ടുകൾ, മ്യൂച്ചൽ ഫണ്ട് എന്നീ സേവനങ്ങൾ അക്യൂമെനിൽ ലഭ്യമാണെന്ന് സെയിൽസ് വിഭാഗം മേധാവി ബിജു തെരുവൻ പറഞ്ഞു.

# ബംഗളൂരു നഗരത്തിൽ പൊതുഗതാഗതം: ടാറ്റ മോട്ടോഴ്സിന്റെ 100 ഇലക്ട്രിക് സ്റ്റാർ ബസുകൾകൂടി

**ബംഗളൂരു:** രാജ്യത്തെ പ്രമുഖ വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോഴ്സ് ബെംഗളൂരു നഗരത്തിൽ പൊതുഗതാഗതത്തിനായി സാങ്കേതികമായി നൂതനമായ ഇലക്ട്രിക് സ്റ്റാർ ബസുകൾകൂടി വിതരണം ചെയ്തു. ബെംഗളൂരു മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് കോർപ്പറേഷനിലേക്കാണ് 100 ബസുകൾ എത്തിച്ച് ബെംഗളൂരുവിന്റെ വൈദ്യുതീകരിച്ച പൊതുഗതാഗതം ത്വരിതപ്പെടുത്തിയിരിക്കുന്നത്. ബെംഗളൂരു മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ (ബിഎംടിസി) നിന്ന് 921 ഇലക്ട്രിക് ബസുകളുടെ ഓർഡർ ടാറ്റ മോട്ടോഴ്സിന്റെ അനുബന്ധ സ്ഥാപനമായ ടിഎംഎൽ സ്മാർട്ട് സിറ്റി മൊബിലിറ്റി സൊല്യൂഷൻസ് ലിമിറ്റഡ് നേരത്തെ നേടിയിരുന്നു. 12 വർഷത്തേക്ക് 12 മീറ്റർ ഇലക്ട്രിക് ബസുകൾ വിതരണം ചെയ്യുകയും പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യും. സുസ്ഥിരവും സുഖപ്രദവുമായ യാത്രയ്ക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന മികച്ച ഡിസൈനും മികച്ച ഇൻക്ലാസ് സവിശേഷതകളും ഉള്ള തദ്ദേശീയമായി വികസിപ്പിച്ച ഒരു വാഹനമാണ് ടാറ്റ സ്റ്റാർബസ്. മേക്ക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് സംരംഭങ്ങളുമായി ചേർന്ന്, സീറോ എമിഷൻ ഇലക്ട്രിക് ബസുകൾ അടുത്ത തലമുറ ആർക്കിടെക്ചറിൽ വികസിപ്പിച്ചെടുത്തതാണ്. ബെംഗളൂരു നഗരത്തിലുടനീളം സുരക്ഷിതവും സൗകര്യപ്രദവുമായ അന്തർസിറ്റി യാത്രയ്ക്കായി നൂതന ബാറ്ററി സംവിധാനങ്ങളിൽ ഇത് പ്രവർത്തിക്കുന്നു.



കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയും ഉപമുഖ്യമന്ത്രി ഡി കെ ശിവകുമാറും ഗതാഗത വകുപ്പ് മന്ത്രി രാമലിംഗറെഡ്ഡിയും ചേർന്നാണ് വാഹനങ്ങളുടെ വിതരണം ഉദ്ഘാടനം ചെയ്തത്. ബിഎംടിസി ചെയർമാൻ, ശിവാജിനഗർ നിയമസഭാ മണ്ഡലത്തിലെ എംഎൽഎ റിസ്വാൻ അർഷാദ്, ബിഎംടിസി ഡയറക്ടർ കല കൃഷ്ണസ്വാമി ഐപിഎസ്, ബിഎംടിസി മാനേജിംഗ് ഡയറക്ടർ ജി സത്യാവതി ഐഎഎസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ബംഗളൂരു നഗരത്തിനുള്ളിൽ ടാറ്റയുടെ ഇലക്ട്രിക് ബസുകളുടെ പ്രോട്ടോടൈപ്പ് പരീക്ഷണങ്ങൾ വിജയകരമായി പൂർത്തിയാക്കിയതിന് ശേഷം ടാറ്റ മോട്ടോഴ്സിന്റെ അത്യാധുനിക ബസുകൾ നിരത്തിലവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ബിഎംടിസി മാനേജിംഗ് ഡയറക്ടർ ജി സത്യാവതി ഐഎഎസ് പറഞ്ഞു. ഈ ഇലക്ട്രിക് ബസുകളുടെ ശ്രദ്ധേയമായ പ്രകടനം ഞങ്ങളുടെ കാർബൺ കാൽപ്പാടുകൾ കുറയ്ക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ബിഎംടിസിയുടെ പ്രതിബദ്ധതയുമായി തികച്ചും യോജിക്കുന്നു. നമ്മുടെ പൗരന്മാരുടെ ജീവിത നിലവാരം, ഈ ബസുകൾ പരിസ്ഥിതി സൗഹൃദ ഗതാഗതത്തിന് സംഭാവന ചെയ്യുക മാത്രമല്ല, നഗരത്തിൽ ശബ്ദരഹിതവും സുഖപ്രദവുമായ ബഹുജന മൊബിലിറ്റി വാഗ്ദാനം ചെയ്യുകയും ചെയ്യുമെന്നും അവർ കൂട്ടിച്ചേർത്തു.

# വികസിത് ഭാരത് സങ്കൽപ്പ് യാത്ര: ലക്ഷദ്വീപിൽ മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിച്ചു




**ലക്ഷദ്വീപ്** :ലക്ഷദ്വീപിൽ വികസിത് ഭാരത് സങ്കൽപ്പ് യാത്രാ പരിപാടികളുടെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് വാർഡ് തല മെഡിക്കൽ ക്യാംപുകൾ ദ്വീപുകളിൽ പുരോഗമിക്കുന്നു. സാംക്രമികേതര രോഗങ്ങൾ, ടി ബി , പ്രമേഹം, നേത്ര പരിശോധന ഉൾപ്പെടെയുള്ള ആരോഗ്യ പരിശോധനകൾക്കൊപ്പം ജങഖഅഥ കാർഡുകൾ, ആയുഷ്മാൻ ഭാരത് ആരോഗ്യ അക്കൗുകൾ എന്നിവയും മെഡിക്കൽ ക്യാംപിന്റെ ഭാഗമായി വിതരണം ചെയ്തു .ദ്വിപ് നിവാസികളുടെ മികച്ച സഹകരണമാണ് ഓരോ പ്രദേശങ്ങളിൽ നിന്നും ലഭിച്ചു കൊിരിക്കുന്നതെന്ന് നോഡൽ ഓഫീസർ കൂടിയായ ഡൊ. ബീ പറഞ്ഞു.

# ഭക്ഷ്യമേഖലയിൽ സംരംഭകരാകാം, പുത്തൻ ആശയങ്ങൾ അറിയാം

**കൊച്ചി**: ഭക്ഷ്യസംരഭകർക്ക് പുത്തൻ ആശയങ്ങൾ പകർന്ന് നൽകാൻ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം. സിഎംഎഫ്ആർഐയിൽ നടക്കുന്ന 'മില്ലറ്റും മീനും'പ്രദർശന ഭക്ഷ്യമേളയിലാണ് സംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക സംഗമം. കേന്ദ്ര സർക്കാറിന് കീഴിലെ വിവിധ ഗവേഷണ സ്ഥാപനങ്ങൾ സംരംഭകർക്ക് നൽകുന്ന സേവനങ്ങളും സഹായങ്ങളും അതാത് സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ നേരിട്ട് വിശദീകരിയ്ക്കും. ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചവരെയാണ് സംഗമം.ഫുഡ് ടെക്നോളജി, ഭക്ഷ്യസംസ്കരണം, മൂല്യവർധിത ഉൽപാദനം, പായ്ക്കിങ്, വിപണനം തുടങ്ങി വിവിധ മേഖലകളിൽ നവസംരംഭകർക്ക് കരുത്തുപകരുന്ന ആശയങ്ങളും വിവിധ ഗവേഷണ സ്ഥാപനങ്ങൾ നൽകുന്ന ഇൻകുബേഷൻ സൗകര്യങ്ങളും അടുത്തറിയാനാകും. തഞ്ചാവൂരുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, ഒൺട്രപ്രണർഷിപ്പ് ആന്റ് മാനേജ്മെന്റ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസസ് ആന്റ് ടെക്നോളജി, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന് കീഴിലെ സ്ഥാപനങ്ങളായ കോഴിക്കോട് സുഗന്ധവിള ഗവേഷണ സ്ഥാപനം, കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, തിരുവനന്തപുരത്തെ കേന്ദ്ര കിഴങ്ങ് വിള ഗവേഷണ സ്ഥാപനം, കാസറഗോഡ് കേന്ദ്ര നാണ്യവിള ഗവേഷണ സ്ഥാപനം, ഹൈദരാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ച് എന്നീ സ്ഥാപനങ്ങളുടെ സേവനങ്ങൾ വിശദീകരിക്കും. ഈ സ്ഥാപനങ്ങളിലെ മുതിർന്ന ശാസ്ത്രജ്ഞരും സംരംഭക്ത്വ വികസന വിദഗ്ധരും സംഗമത്തിൽ സംസാരിക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് രജിസ്റ്റർ ചെയ്യാം. വാട്സാപ്പ് 9446120244.

# ജാതിക്കയിൽ നിന്ന് പുതിയ രുചികളുമായി ജെസ്സിയും മായയും

**കൊച്ചി:** പറമ്പിൽ വീണു പോകുന്ന ജാതിക്ക തൊണ്ട് എന്ത് ഉപയോഗം എന്നാണോ ? ജെസിയും മായയും പറയും ജാതിക്കയിൽ ഒത്തിരി വൈവിധ്യങ്ങൾ ഒളിഞ്ഞിരിപ്പുണ്ടെന്ന്. ജാതിക്ക സിറപ്പ് മുതൽ ജാതിക്ക ചമ്മന്തി പൊടി വരെ പുതിയ രുചി വൈവിധ്യങ്ങളുമായി സരസിൽ ശ്രദ്ധ നേടുകയാണ് കാസർകോട് കാഞ്ഞങ്ങാട് സ്വദേശികളായ ജെസ്സി മാത്യുവും മായ തോമസും. ജാതിക്കയുടെ കുരു മുതൽ തൊണ്ട് വരെയുള്ളവകൊണ്ട് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഇവർ നിർമ്മിക്കുന്നുണ്ട്.ജാതിക്കയിൽ നിന്ന് വ്യത്യസ്തമായ മൂല്യ വർധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞ ഒമ്പത് വർഷമായി പരീക്ഷണത്തിനും പ്രയത്നത്തിനും ഒടുവിൽ 'അലിയ നട്ട് മഗ് പ്രോജാക്റ്റ് ' എന്ന തങ്ങളുടെ സംരംഭം ശ്രദ്ധ നേടിയ സന്തോഷത്തിലാണ് ഇവർ. തിരുവനന്തപുരത്ത് നടന്ന കേരളീയത്തിൽ ജാതിക്ക രുചികൾ പരിചയപ്പെടുത്തി ശ്രദ്ധ നേടിയ ആത്മവിശ്വാസത്തിലാണ് പുതിയ രുചികൾ പരിചയപ്പെടുത്താൻ കൊച്ചിയിലേക്ക് എത്തിയത്. നിരവധി ആളുകളാണ് വ്യത്യസ്തമായ ജാതിക്ക വിഭവങ്ങളുടെ സ്വാദ് അറിയാൻ ഇവരുടെ സ്റ്റാളിലേക്ക് എത്തുന്നത്. വ്യാപാര വിപണിയിൽ ഉയർന്ന മൂല്യവും വലിയ ഔഷധഗുണങ്ങളുമുള്ള ജാതിക്കയുടെ പരിപ്പും തോടും ജാതിപത്രിയും ഉപയോഗിച്ച് നിരവധി ഭക്ഷ്യോൽപന്നങ്ങളാണ് ഇവർ നിർമ്മിക്കുന്നത്. സിറപ്പ്, അച്ചാർ, ജാം, സ്കാഷ്, കാൻഡി, ജാതിക്ക പുളി ഇഞ്ചി, ഹെൽത്ത് ഡ്രിങ്ക്, തുടങ്ങിയവ ഇവിടെ ലഭ്യമാണ്. ജനുവരി ഒന്നുവരെ സരസിൽ ജാതിക്ക വിഭവങ്ങളുടെ പുതിയ രുചികൾ അറിയാം.



# പുതിയ സംരംഭകർക്കായി ലോഞ്ച് പാഡ് സംരംഭകത്വ വർക്ക്ഷോപ്പ്

**കൊച്ചി:** പുതിയ സംരംഭം തുടങ്ങാൻ താൽപര്യപ്പെടുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് 5 ദിവസത്തെ വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. സംരംഭകൻ/ സംരംഭക ആവാൻ ആഗ്രഹിക്കുന്നവർക്ക് ജനുവരി 8 മുതൽ 12 വരെ കളമശ്ശേരിയിലുള്ള കീഡ് (KIED )ക്യാമ്പസ്സിൽ നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാം. പുതിയ സംരംഭകർ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ബിസിനസിന്റെ നിയമ വശങ്ങൾ, ഐഡിയ ജനറേഷൻ, പ്രൊജക്റ്റ് റിപ്പോർട് തയ്യാറാക്കുന്ന വിധം, സെയിൽസ് & മാർക്കറ്റിങ്,ബാങ്കിൽ നിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ, ജി.എസ്.ടി, സംരംഭം തുടങ്ങാനാവശ്യമായ ലൈസൻസുകൾ, വിജയിച്ച സംരംഭകന്റെ അനുഭവം പങ്കിടൽ, തുടങ്ങിയ നിരവധി സെഷനുകൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ജനുവരി 3 ന് മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരെഞ്ഞെടുക്കപ്പെടുന്ന 35 പേർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക0484 2532890 / 2550322/9605542061,

# ബ്രെയിൻബീസ് സൊല്യൂഷൻസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും കുട്ടികളുടെയും ഉൽപ്പന്നങ്ങളുടെ ഇന്ത്യയിലെ ഏറ്റവും വലിയ മൾട്ടി ചാനൽ റീട്ടെയിലിങ് പ്ലാറ്റ്ഫോമായ ബ്രെയിൻബീസ് സൊല്യൂഷൻസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ(ഡിആർഎച്ച്പി) സമർപ്പിച്ചു. 1816 കോടി രൂപയുടെ പുതിയ ഇകിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 54,391,592 ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ബോഫാ സെക്യൂരിറ്റീസ് ഇന്ത്യ ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, അവെൻഡസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഭക്ഷ്യപ്രേമികളെ ആകർഷിച്ച് മില്ലറ്റും മീനും പ്രദർശന ഭക്ഷ്യമേള

**കൊച്ചി:** കടൽപായൽ (സീവീഡ്) ഹൽവ, നീരാളി പൊരിച്ചത്, ചാമ സാഗരസദ്യ, വരഗ് ബിരിയാണി തുടങ്ങി അനേകം ചെറുധാന്യമീൻ രുചിവൈവിധ്യങ്ങളുമായി സിഎംഎഫ്ആർഐയിൽ 'മില്ലറ്റും മീനും' പ്രദർശന ഭക്ഷ്യമേളക്ക് തുടക്കമായി.ചാമക്കൊപ്പം ചെമ്മീൻ, കൂന്തൽ, കക്ക, മൂന്ന് തരം മീൻവിഭവങ്ങൾ അടങ്ങിയതാണ് ചാമ സാഗരസദ്യ. ബജ്റ ചേർത്തുണ്ടാക്കിയ കപ്പ, ചെറുധാന്യ പാൽകഞ്ഞി, തിനമീൻ ബിരിയാണി, ബജ്റ സ്മൂത്തി, റാഗി ലഡു, സീവീഡ് കുക്കീസ്, മില്ലറ്റ്ഫ്രൂട്ട് പായസം, ചെറുധാന്യ പലഹാരങ്ങൾ, ലക്ഷദ്വീപിലെ പത്തിര്, മീൻ ചക്കര, നീരാളി വിഭവങ്ങൾ തുടങ്ങിയവ ഭക്ഷ്യമേളയിൽ ലഭ്യമാണ്. രാവിലെ 11 മുതൽ രാത്രി 8 വരെയാണ് മേളയുടെ സമയം.വടക്കൻ കർണാടകയിലെ ചെറുധാന്യ കർഷരുടെ സസ്യഭക്ഷണശാലയാണ് മേളയിലെ മറ്റൊരു ആകർഷണം. ചാമ, റാഗി, തിന, കമ്പ്, ചോളം, വരഗ്, പനിവരഗ്, കുതിരവാലി എന്നീ ചെറുധാന്യങ്ങളുപയോഗിച്ചുള്ള തനത് വിഭവങ്ങൾ ഇവിടെ ലഭ്യമാണ്. ചോളപ്പം, റാഗി പൂരി, പലഹാരങ്ങൾ, ബാജി എന്നിവയുണ്ട്. സ്ത്രീകൾ ഉൾപ്പെടെ 12 പേരാണ് അവർ കൃഷി ചെയ്ത ചെറുധാന്യങ്ങളുമായി മേളക്ക് എത്തിയിട്ടുള്ളത്.കൂടുകൃഷികളിൽ വിളവെടുത്ത ജീവനുള്ള മത്സ്യങ്ങൾ മേളയിൽ വാങ്ങാം. കരിമീൻ, കാളാഞ്ചി, ചെമ്പല്ലി, ഗിഫ്റ്റ് തിലാപ്പിയ എന്നീ മത്സ്യങ്ങൾ ലഭ്യമാണ്.മേളയുടെ ഭാഗമായി നടന്ന പാചക മത്സരം വിഭവങ്ങളുടെ വൈവിധ്യം കൊണ്ട് ശ്രദ്ധേയമായി. ചെറുധാന്യങ്ങളും കൂന്തൽ, ചെമ്മീൻ, ഞണ്ട് എന്നിവ ഉപയോഗിച്ചുള്ള കടൽകൂട്ട് പിടി, കമ്പ് ബിരിയാണി, ആവോലി നിർവാണ, റാഗിപൂരി, മില്ലറ്റ് കാവ, മൾട്ടി മില്ലറ്റ് പുട്ട് തുടങ്ങി കൊതിയൂറും രുചിക്കൂട്ടുകൾ മത്സരത്തിനായി തയ്യാറാക്കി. 10 വനിതകളാണ് മത്സരത്തിനുണ്ടായിരുന്നത്. ചെറുധാന്യങ്ങളും പ്രാദേശികമായി ലഭ്യമായ മീനിനങ്ങളും ചേർത്താണ് വിഭവങ്ങൾ തയ്യാറാക്കേണ്ടിയിരുന്നത്.കർഷകർ, കർഷക ഉൽപാദന കമ്പനികൾ, സ്വയം സഹായക സംഘങ്ങൾ, സംരംഭകർ കാർഷിക സ്റ്റാർട്ടപ്പുകൾ തുടങ്ങിയവർ നേരിട്ടെത്തിക്കുന്ന ചെറുധാന്യങ്ങളും അവയിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളും മേളയിൽ ലഭ്യമാണ്. കൂടാതെ, മീനുകളിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുമുണ്ട്. കുരുമുളക് ചെടികൾ, കുറ്റിക്കുരുമുളക്, ഇഞ്ചി, കൂൺ എന്നിവ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെ സ്റ്റാളിലുണ്ട്. ശനിയാഴ്ച സമാപിക്കും.



# കാട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ മുനമ്പത്തുള്ള വാട്ടർ ടാങ്കിന്റെ കിഴക്കുഭാഗത്തുള്ള ഒരു മുറി (പ്രൊവിഷൻ സ്റ്റോർ) 01/02/2024 മുതൽ 31/01/2025 വരെ വാടകയ്ക്ക് നൽകുന്നതിന് പ്രത്യേകം ആലേഖനം ചെയ്ത മുദ്ര വെച്ച കവറുകളിൽ മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു.വിശദവിവരങ്ങൾക്ക് ഫോൺ 0484 2967371.

# വനിതകൾക്ക് നൈപുണ്യ പരിശീലനം

**കൊച്ചി:** തൃക്കാക്കര നഗരസഭ പരിധിയിലുള്ള വനിതകൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നൈപുണ്യ പരിശീലന സ്ഥാപനമായ അസാപ് കേരളയിലൂടെ സ്കോളർഷിപ്പോടു കൂടി തൊഴിൽ പരിശീലനം നൽകുന്നു. SC/ST വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 100% സ്കോളർഷിപ്പും, മറ്റു വിഭാഗത്തിൽ പെടുന്നവർക്ക് 25% ഗുണഭോക്തൃ വിഹിതം നൽകി 75% സ്കോളർഷിപ്പോടുകൂടി പരിശീലനം നേടാൻ സാധിക്കും.വി. ആർ ഡെവലപ്പർ, ഡിജിറ്റൽ മാർക്കറ്റിംഗ് , ജി. എസ്. ടി യൂസിങ് ടാലി, ഫിറ്റ്നസ് ട്രെയിനർ, ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, ഹൈഡ്രോപോണിക്സ് ഗാർഡ്നർ എന്നീ കോഴ്സുകൾക്കാണ് ഈ പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്.

# ഗണിതശാസ്ത്ര അധ്യാപക സമ്മേളനം




കൊച്ചി: മാത്തമാറ്റിക്സ് ടീച്ചേഴ്സ് ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന 56 മത് ഗണിതശാസ്ത്ര അധ്യാപക ശിൽപശാല ഭവൻസ് ആദർശ വിദ്യാലയത്തിൽ ആരംഭിച്ചു. തിരുവനന്തപുരം വി എസ് എസ് സി യിലെ സോളിഡ് പ്രൊപ്പലന്റ് കംബസഷൻ ഗ്രൂപ്പ് ഡയറക്ടർ ഡോ: ലക്ഷ്മി വി എം പരിപാടി ഉദ്ഘാടനം ചെയ്തു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ചെയർമാൻ സി എ വേണുഗോപാൽ സി ഗോവിന്ദ് വിശിഷ്ടാതിഥിയായിരുന്നു . എ എം ടി ഐ പ്രസിഡൻറ് ഡോക്ടർ ഐ കെ റാണ ചടങ്ങിൽ അധ്യക്ഷത വഹിച്ചുസംഖ്യാവിസ്മയങ്ങളുടെയും സൈദ്ധാന്തിക വൈഭവത്തിന്റെയും ആകർഷകമായ പരീക്ഷണമാണ് മൂന്നുദിവസം നീണ്ടുനിൽക്കുന്ന ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത് .എ എം ടി ഐ ജനറൽ സെക്രട്ടറി എം പളനിവാസൻ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ഡയറക്ടർ ഇ.രാമൻകുട്ടി ,കുസാറ്റ് ഗണിതശാസ്ത്ര വിഭാഗം എമിററ്റസ് പ്രൊഫസർ ഡോ: അമ്പാട്ട് വിജയകുമാർ എന്നിവർ ആശംസകൾ നേർന്നു. എ എം ടി ഐ ട്രഷറർ . വി സുന്ദരമൂർത്തി ചടങ്ങിൽ പങ്കെടുത്തു. ഡോ: ലക്ഷ്മി വി എം , എ എം ടി ഐയുടെ സുവനീർ സി എ വേണുഗോപാൽ സി ഗോവിന്ദന് നൽകി പ്രകാശനം ചെയ്തു. ഭവൻസ് ആദർശ വിദ്യാലയ പ്രിൻസിപ്പൽ ശ്രീ കെ സുരേഷ് നന്ദി അറിയിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അധ്യാപകരും ഗണിത ശാസ്ത്രജ്ഞരും ഈ ശില്പശാലയിൽ പങ്കെടുക്കുന്നുണ്ട് ഗണിതശാസ്ത്ര ഗവേഷണങ്ങളെക്കുറിച്ചും പുതിയ ആപ്ലിക്കേഷനുകളെക്കുറിച്ചുമുള്ള ഗണിതശാസ്ത്രജ്ഞരുടെ ക്ലാസുകളാണ് ഈ മൂന്നു ദിവസങ്ങളിലായി ശില്പശാലയിൽ നടക്കുന്നത്. ഡിസംബർ 30 ന് ശിൽപശാല അവസാനിക്കും.

